**"മധുരമായ കുട്ടികളെ, സംഗമത്തിൽ നിങ്ങൾക്ക് ബാബയെ ലഭിച്ചിരിക്കുന്നു, നിങ്ങൾ പരസ്പരം സഹോദരീ സഹോദരന്മാരാണ്, നിങ്ങൾക്ക് ബാബയിൽ നിന്നും സമ്പത്ത് എടുക്കണം".**

**ചോദ്യം:** ബാബയുടെ ഏതൊരു ശ്രീമത്തിലൂടെ ഓരോ വസ്തുവിനെയും കല്ലിൽ നിന്ന് പവിഴമാക്കാൻ സാധിക്കും?

**ഉത്തരം:** ബാബയുടെ ശ്രീമത്താണ് കുട്ടികളെ കൈവശം എന്തൊക്കെയുണ്ടോ അതെല്ലാം ഈശ്വരീയ ബാങ്കിൽ നിക്ഷേപിക്കൂ. എങ്കിൽ അവ കല്ലിൽ നിന്നും പവിഴമായി തീരും. ബാബ കൊടുക്കുന്നവനാണ്, ബാബ നിങ്ങളിൽ നിന്നും ഒന്നും എടുക്കുന്നില്ല. എന്നാൽ നിങ്ങളുടെ കൈവശം എന്തൊക്കെ മിച്ചമുണ്ടോ അവയെ സഫലമാക്കൂ. ആരിൽ നിന്നും കടമൊന്നും വാങ്ങേണ്ടതില്ല.

**ഗീതം:** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി............

**ഓം ശാന്തി.** പാട്ടു കേട്ടുവല്ലോ. നല്ല നല്ല പാട്ടുകൾ സെന്ററിൽ ഉണ്ടായിരിക്കണം. ഇതൊക്കെ ബാബ യാണ് ഉണ്ടാക്കിപ്പിച്ചത്. നിങ്ങളുടെ ബുദ്ധിയിൽ മറ്റൊരു ശാസ്ത്രങ്ങളൊന്നുമില്ല. നിങ്ങൾ എല്ലാം പഠിച്ചിട്ടു ള്ളതാണ്. എല്ലാം അറിയാം എന്നാൽ ഇപ്പോൾ അതൊന്നും ബുദ്ധിയിലില്ല. ബാബ പറയുന്നു, പഠിച്ച തെല്ലാം മറക്കൂ, താങ്കൾ മരിച്ചാൽ ലോകവും മരിയ്ക്കും(താങ്കളുടെ ആധാരത്തിലാണ് ഈ ലോകത്തിന്റെ നിലനിൽപ്പ്). നാം ആത്മാവാണ്, ദാ ഇപ്പോൾ ഞാൻ എന്റെ വീട്ടിലേക്ക് മടങ്ങാൻ പോകുന്നു എന്ന് മനസി ലാക്കണം. ഈ ശാസ്ത്രങ്ങളിലെ പഠിത്തം കൊണ്ട് നാം എന്ത് ചെയ്യാനാണ്! വേദ ശാസ്ത്രങ്ങളൊന്നും കൂടെ വരില്ല. ഈ പഠിത്തം കൂടെ വരും. ഇത് അമരലോകത്തിലേക്കുള്ള അമരകഥയാണ്. നമ്മുടെ അച്ഛൻ അമർനാഥനാണ്. നാം സർവ്വരും പാർവ്വതിമാരാണ്. ശിവബാബയിലൂടെ അമരകഥ കേൾക്കുകയാണ്. ബാബ പരമോന്നതനാണ്, ആ അമരനാഥനാണ് ശിവബാബ. അമർനാഥിൽ മഞ്ഞുകൊണ്ടുള്ള ലിംഗം ഉണ്ടാക്കിയിട്ട് അതിന്റെ പൂജയൊക്കെ ചെയ്യുന്നു. നിരാകാരിയെ പൂജിക്കാൻ സാധിക്കില്ല. ശിവലിംഗം താനേയൊന്നുമുണ്ടാകില്ല. അവർ ഉണ്ടാക്കുന്നതാണ്. പിന്നെ വളരെയധികം അസത്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നു. അമരനാഥൻ അഥവാ ശങ്കരനും പാർവ്വതിയും അവിടെ എവിടെനിന്നും വന്നു. അത് മാനസരോവരമൊന്നുമല്ല. സത്യം സത്യമായ മാനസരോവരം ഈ ബ്രഹ്മാവാണ്. നിരാകാരനായ ശിവബാബയാണ് ജ്ഞാനസാഗരൻ, ആ ശിവബാബ ഈ ബ്രഹ്മാവിൽ പ്രവേശിക്കാത്തിടത്തോളം എങ്ങനെ മാനസരോവരമുണ്ടാകും! ആത്മാവിൽ ജ്ഞാനമുണ്ട് എന്നാൽ മനുഷ്യശരീരം എടുക്കാതെ എങ്ങനെ കേൾപ്പിക്കും നിങ്ങൾ എല്ലാവരും സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ച് ജ്ഞാനമാനസരോവരമാണ്. ചിലർ വലിയ നദിയാണ്, ചിലർ കനാലാണ്, ചിലർ ഒന്നു മുങ്ങാൻ മാത്രം അളവിൽ ഉള്ള വെള്ളമാകുന്നു. കുട്ടികൾക്കറിയാം നാം ബ്രഹ്മാകുമാർ ബ്രഹ്മാകുമാരികളാണ്. ബ്രഹ്മാവിന്റെ അച്ഛനാണ് ശിവൻ. നാം ശിവബാബയുടെ പേരകുട്ടികളാണെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ടല്ലോ അല്ലേ. ആത്മാവ് എന്ന ബോധത്തിൽ കാണുമ്പോൾ നിങ്ങൾ എല്ലാവരും ശിവബാബയുടെ ആൺമക്കളാണ്. എന്നാൽ ഇപ്പോൾ ശരീരത്തിൽ വന്നിരിക്കുന്നു. ബാബ നിരാകാരിയാണ് അതുകൊണ്ട് ശിവന്റെ പേരകുട്ടികളും ബ്രഹ്മാവിന്റെ ആൺമക്കളും പെൺമക്കളുമാകുന്നു. നിങ്ങളെല്ലാവരും സഹോദരി സഹോദരൻമാരാണ്. എല്ലാവർക്കും മുത്തച്ഛനിൽ നിന്ന് സ്വത്ത് ലഭിക്കുന്നു. നിങ്ങൾ ഇവിടെയിരിക്കുന്നു, നിങ്ങൾക്കറിയാം ഞങ്ങൾ ബ്രഹ്മാകുമാരൻമാരും-കുമാരിമാരുമാണ്. ശിവബാബ നമ്മുടെ മുത്തച്ഛനാണ്. ഇങ്ങനെ നിശ്ചയത്തോടെയിരിക്കുന്നവരെയാണ് ഈശ്വരീയ സന്താനങ്ങളെന്ന് പറയുന്നത്. ഞങ്ങൾ ഈ ഈശ്വരീയ കുലത്തിലേതാണ് എന്ന് നിങ്ങൾ പറയുന്നു. ഈശ്വരനിൽ നിന്ന് സമ്പത്തെടുക്കുന്നു. സഹോദരി- സഹോദരരായതു കാരണം നാം വികാരത്തിലേക്കു പോകാൻ പാടില്ല. അല്ലെങ്കിൽ ക്രിമിനൽ കുറ്റമാകും. അതിനെ വളരെ മോശമായി പറയുന്നു. അതുകൊണ്ട് ബാബ പറയുന്നു- കുട്ടികളെ ശ്രദ്ധയോടിരിക്കൂ. സഹോദരി സഹോദരൻ എന്ന് പറഞ്ഞിട്ടു പിന്നെ വികാരത്തിലേക്കു പോയാൽ വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരും. സത്ഗുരുവായ ബാബയെ നിന്ദിക്കുന്നവർക്ക് എവിടെയും സ്ഥാനം ലഭിക്കില്ല. ആ ഗുരുക്കൻമാർ വളരെ പേരുണ്ട്. ഇത് ഒരേയൊരു പ്രാവശ്യമാണ് സത്ഗുരുവിനെ ലഭിക്കുന്നത്. ഇത് പരിധിയില്ലാത്ത അച്ഛനാണ്. സത്യയുഗത്തിൽ ദൈവീക അച്ഛൻമാരെ ലഭിക്കും. ഇപ്പോൾ നിങ്ങൾ ഈശ്വരീയപിതാവിന്റെ ആൺകുട്ടികളും പെൺകുട്ടികളുമാണ്. ശിവബാബ ബ്രഹ്മാവിലൂടെ പഠിപ്പിക്കുന്നു. ഗോഡ് ആണ് ജ്ഞാനം നൽകിയതെന്ന് പറയുന്നു. മമ്മയെ ഗോഡസ് ഓഫ് നോളേജ് (ജ്ഞാനദേവി) എന്ന് പറയുന്നു. എങ്കിൽ തീർച്ചയായും കുട്ടികളും പറയും - ഞങ്ങൾ ഗോഡസ് ഓഫ് നോളേജ് ആണ് എന്ന്. മാതാ-പിതാവ്

സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം നൽകുന്നു. ബ്രഹ്മാവിനെ ഗോഡ് എന്ന് പറയാൻ സാധിക്കില്ല. ദൈവം ഒന്നു മാത്രമാണ്, ബാക്കി എല്ലാവരും ദൈവത്തിന്റെ കുട്ടികളാണ്– ബ്രഹ്മാവും ബ്രഹ്മാകുമാരൻമാരും–കുമാരികളും. ഇപ്പോൾ ഈ ബ്രഹ്മാഗോഡസ് ഗുപ്തമാണ്, മമ്മ ഗോഡസ് ഓഫ് നോളജ് പ്രത്യക്ഷമാണ്. വാസ്തവത്തിൽ കുട്ടികൾ ബ്രഹ്മാവിന്റെയല്ലേ. ഗോഡ് ഓഫ് നോളജ് എന്ന് ബ്രഹ്മാവിനെ പറയുന്നു എന്നാൽ ഈ ബ്രഹ്മാവിന് ശിവനിൽ നിന്നാണ് ജ്ഞാനം ലഭിച്ചത്. ബ്രഹ്മാവിനെ ഗോഡ് എന്ന് പറയാൻ സാധിക്കില്ല. ഗോഡ് ഒന്നാണ്. നിങ്ങൾക്കറിയാം കല്പം മുമ്പും തീർച്ചയായും പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ സൃഷ്ടി രചിച്ചിട്ടുണ്ടാകും എങ്കിൽ ആദ്യമാദ്യം ബ്രാഹ്മണരുണ്ടാകും. മറ്റ് യജ്ഞങ്ങളൊക്കെ വർഷങ്ങളോളം നടത്താറില്ല. പരമാവധി 7 ദിവസമാണ് നടത്താറ്. ഈ യജ്ഞത്തെ അവിനാശിയായ യജ്ഞമെന്ന് പറയുന്നു അർത്ഥം വളരെക്കാലം  നടക്കുന്ന രുദ്രജ്ഞാനയജ്ഞമാണ്. എത്രകാലം നടക്കുമെന്ന് ആർക്കുമറിയില്ല. അന്ത്യം വരെ നടക്കും. ഈ പഴയ ലോകത്തിന്റെ സാമഗ്രികൾ സ്വാഹ ആകും. മറ്റാർക്കും ഇതുപോലുള്ള രുദ്രജ്ഞാനയജ്ഞം രചിക്കാൻ സാധിക്കില്ല. ഭക്തിമാർഗ്ഗത്തിൽ പിന്നീട് ഈ പേരിൽ ചെറിയ–ചെറിയ യജ്ഞം രചിക്കും. ചിലർ രുദ്രയജ്ഞമെന്ന് തന്നെ പറയുന്നു. രുദ്രജ്ഞാനയജ്ഞം രചിക്കുമ്പോൾ അവിടെ ഗീത കേൾപ്പിക്കും അല്ലെങ്കിൽ വേദങ്ങളൊക്കെ കേൾപ്പിക്കും. രുദ്രൻ ഗീത കേൾപ്പിച്ചിട്ടുണ്ട് എന്നാൽ പിന്നീട് മറന്നുപോയി കൃഷ്ണനാണ് കേൾപ്പിച്ചതെന്ന് പറയുന്നു. രുദ്രജ്ഞാനയജ്ഞത്തിലൂടെയാണ് സൂര്യവംശി, ചന്ദ്രവംശി  കുലം ഉണ്ടായത്.

ഇപ്പോൾ നിങ്ങൾ മുന്നിലിരിക്കുന്നു. തീർച്ചയായും ശിവബാബയും ബ്രഹ്മാബാബയും ഓർമ്മയിൽ  വരും. ഞങ്ങൾ ബ്രഹ്മാവിന്റെ വംശജർ ആണെന്ന്  ആ ബ്രാഹ്മണർ കേവലം പറയുന്നു. ദേവതകളുടെ വംശജർ ദേവതകളായിരിക്കും. ക്ഷത്രിയരുടെ വംശജർ ക്ഷത്രിയരായിരിക്കും. വർണ്ണങ്ങളില്ലേ. ഈ ബ്രഹ്മാവിനെ ആർക്കുമറിയില്ല. ആർക്കെങ്കിലും മനസ്സിലാക്കികൊടുക്കുമ്പോൾ പറയൂ നിങ്ങളും ബ്രഹ്മാവിന്റെ കുട്ടികളാണ്. പ്രജാപിതാവെന്ന പേരില്ലേ. എന്താണോ കഴിഞ്ഞത് അത് വീണ്ടും തീർച്ചയായും വർത്തമാനകാലത്തിൽ വരുമല്ലോ. പരമപിതാ പരമാത്മാവ് ബ്രഹ്മാവിന്റെ മുഖകമലത്തിലൂടെ ബ്രാഹ്മണർ, സൂര്യവംശി, ചന്ദ്രവംശി ധർമ്മം സ്ഥാപിക്കുന്നു എന്ന് മഹിമയുണ്ട്. അല്ലായെങ്കിൽ  അവരോട് ചോദിക്കണം പ്രജാപിതാ ബ്രഹ്മാവ് എവിടെപോയി? സൃഷ്ടി രചിച്ചുവെങ്കിൽ ആദ്യമാദ്യം ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരുണ്ടാകും. നാം ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരാണെന്ന് നിങ്ങൾക്കറിയാം. മമ്മാ ബാബ എന്ന് പറയുന്നു, കത്ത് എഴുതുന്നു. ബോർഡും എഴുതിയിട്ടുണ്ട്. ഈ ശിവബാബ നിങ്ങളുടെ ആരാണ് ! എന്ന് നിങ്ങൾക്ക് മറ്റുള്ളവർക്ക് മനസിലാക്കികൊടുക്കാൻ സാധിക്കും. സർവ്വവ്യാപി എന്നു പറയാൻ സാധിക്കില്ല. പിതാവിനെ സർവ്വവ്യാപി എന്നു പറയില്ല. ശരി, സാരമില്ല പക്ഷേ ഈ ബ്രഹ്മാവ് നിങ്ങളുടെ ആരാണ്? ഈ ബ്രഹ്മാവ് തീർച്ചയായും ഉണ്ടായിരുന്നതാണ് അതുകൊണ്ടാണ് ഓർമ്മചിഹ്നം ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോൾ വീണ്ടും രചന രചിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ നമ്മുടെ അച്ഛൻ ബ്രഹ്മാവാണ്. പരമപിതാ പരമാത്മാവ് ബ്രഹ്മാമുഖകമലത്തിലൂടെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നാം ശിവബാബയിൽ നിന്ന് രാജയോഗം പഠിക്കുന്നു, നിങ്ങളും പഠിക്കു എങ്കിൽ 21 ജന്മങ്ങളിലേക്ക് ബാബയിൽ നിന്ന് സമ്പത്ത് നേടാം. അല്ലെങ്കിൽ നേടാൻ സാധിക്കില്ല. കോടിയിലും ചിലർ മാത്രം വന്ന് ജ്ഞാനം കേൾക്കും. 5000 വർഷം മുമ്പ് ബ്രഹ്മാവിന്റെ വംശജരായിരുന്നവർ ആയിരിക്കും വരുന്നത്. സൂര്യവംശി, ചന്ദ്രവംശി പദവി നേടിയിരുന്നവർ തന്നെ നേടും. ഇപ്പോളില്ലല്ലോ, വീണ്ടും ആകും. പതീതത്തിൽ നിന്നും പാവനം, മനുഷ്യനിൽ  നിന്നും ദേവതയാക്കാനാണ് ബാബ വന്നിരിക്കുന്നത്. അതിനായി ബ്രഹ്മാവിനെ വേണം. നാം ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരും ഇപ്പോൾ ഈശ്വരീയ സന്താനങ്ങളാണ്. യജ്ഞം രചിക്കുന്നു, തീർച്ചയായും ബ്രാഹ്മണരുണ്ടാകും. ബ്രാഹ്മണരുടെ കുടുമിയില്ലേ. എന്നാലും നിങ്ങളെ മാനിക്കാത്തതിനു കാരണം ഒരുപക്ഷെ നിങ്ങൾ സദാ സുഖത്തിന്റെ ആസ്തി നേടിക്കാണില്ലായിരിക്കും. ബ്രഹ്മാവിന് ഇത്രയധികം കുട്ടികളായി, ഇനിയും വൃദ്ധി ഉണ്ടായികൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ ബാപ്ദാദയുടെ ഓർമ്മയിൽ, പരമപിതാ പരമാത്മാവിന്റെ സന്മുഖത്തിരിക്കുകയാണ്. ഇതിനെയാണ് സർവ്വവ്യാപി എന്ന് അവർ പറയുന്നത്. ഹജൂർ(യജമാനൻ) ഇപ്പോൾ ഹാജരല്ലേ, എന്താണ് ചെയ്യുന്നത്. തീർച്ചയായും കർമ്മം ചെയ്യുന്നുണ്ടാകും. കർമ്മം, അകർമ്മം, വികർമ്മത്തിന്റെ രഹസ്യം സൻമുഖത്ത് വന്ന് മനസ്സിലാക്കിതരുന്നു. പരമാത്മാവ് മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്, പരമാത്മാവിൽ മുഴുവൻ സൃഷ്ടിയുടെ ആദി–മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനമുണ്ട്, ജ്ഞാനസാഗരനാണ്. ഓരോ മനുഷ്യന്റേയും ബുദ്ധിയിലെന്തുണ്ടെന്ന് ബാബയ്ക്കറിയാം എന്നല്ല ഇതിന്റെയർത്ഥം. ബാബ പറയുന്നു– ഞാൻ വന്നു നിങ്ങൾ കുട്ടികൾക്ക് രാജയോഗവും ജ്ഞാനവും  പഠിപ്പിക്കുന്നു. ഈ യോഗം ചെയ്യുന്നതിലൂടെ നിങ്ങൾ പാവനമായി തീരും. ഈ സൃഷ്ടിചക്രത്തെ മനസ്സിലാക്കുന്നതിലൂടെ പവിത്രതയുടെ കിരീടവും രത്നം പതിപ്പിച്ച കിരീടവും ലഭിക്കും, ഇതിനെ അവിനാശി ജ്ഞാന രത്നമെന്ന് പറയുന്നു. യോഗത്തിലൂടെ ഹെൽത്ത്, ജ്ഞാനത്തിലൂടെ വെൽത്ത് ലഭിക്കുന്നു. ഹെൽത്തും(ആരോഗ്യം) വെൽത്തും(സമ്പത്തും) ഉണ്ടെങ്കിൽ

ഹാപ്പിനസ്സ്(സന്തോഷം) ഉണ്ടാകും. നിങ്ങൾക്ക് ആരോഗ്യം, സമ്പത്ത്, സന്തോഷം സർവ്വതും ലഭിക്കുന്നു. യോഗത്തിലൂടെ വികർമ്മം വിനാശമാകും കൂടാതെ പ്രകാശത്തിന്റെ കിരീടം ലഭിക്കും. ദേവതകൾ സദാ ആരോഗ്യവാനും സമ്പന്നനുമായിരിക്കുന്നു. സ്വദർശന ചക്രധാരിയും ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യുന്നതിലൂടെയും നിങ്ങൾ സമ്പന്നരായി തീരും. ഇതിനെയാണ് പ്രകൃതി ചികിത്സ എന്ന് പറയുന്നത്. ആത്മാവ് പവിത്രമാകുമ്പോൾ ശരീരവും പവിത്രമായത് ലഭിക്കും, അവരെയാണ് ദേവതയെന്ന് പറയുന്നത്. പവിത്രമാണ് ഒപ്പം ആരോഗ്യവാൻമാരും സമ്പന്നരുമാണ്. സത്യയുഗത്തിൽ ഭാരതവാസികളുടെ ആയുസ്സ് 150 വർഷമായിരുന്നു. ഇപ്പോൾ ഭോഗികളായിരിക്കുന്നു അതുകൊണ്ട് അകാലമൃത്യു ഉണ്ടാകുന്നു. അത് പവിത്രലോകമായിരുന്നു, ഇത് അപവിത്ര ലോകമാണ്.

ധർമ്മഗ്ലാനിയുണ്ടാകുമ്പോഴാണ് ഞാൻ വരുന്നതെന്ന് ബാബ പറയുന്നു. തന്നേക്കാൾ മുതിർന്നവരെ നിന്ദിക്കുന്നത് ഭാരതത്തിലുള്ളവരാണ്. യദാ- യദാഹി ധർമ്മസ്യ........ ഇവിടത്തെ കാര്യമാണ്. മായ പൂർണ്ണമായും കുപുത്രനാക്കി എന്ന് ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. കുപുത്രനെന്ന് ഭ്രഷ്ടാചാരികളെയാണ് പറയുന്നത്. പിന്നെ ആര് ശ്രേഷ്ഠാചാരിയാക്കും? പുതിയ ലോകം ശ്രേഷ്ഠാചാരിയാണ്. പുതിയതിൽ നിന്ന് തീർച്ചയായും പഴയതാകുന്നു. പഴയതു തീർച്ചയായും ജീർണ്ണിക്കുന്നു. ഓരോ വസ്തുവും ഇങ്ങനെയാകുന്നു. സർവ്വതും ഇല്ലാതാകണം. നിങ്ങൾ ഈ ശരീരത്തിന്റേയും പാലന ചെയ്യണം. കൂടാതെ ഈ പഠിത്തവും പഠിക്കണം. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ട്, ജോലിയൊക്കെ ചെയ്യുന്നു പിന്നെ ഉയർന്ന പദവി നേടുന്നതിനായി ശ്രീമത്തനുസരിച്ച് പൂർണ്ണമായും നടക്കുന്നു. ഈ സാഹചര്യത്തിൽ ഇങ്ങനെ ചെയ്യു, എന്ന് ബാബ അറിഞ്ഞാൽ നിർദ്ദേശം നൽകും. ബാബാ ഞങ്ങളുടെ കൈവശം ഇന്നതൊക്കെയുണ്ട് എന്ന് പറഞ്ഞാൽ- ശരി, വീട് വേണമെങ്കിൽ പണിതുകൊള്ളൂ എന്ന് ബാബ മറുപടി തരും. കുട്ടികളൊന്നുമില്ലെങ്കിൽ എന്തിനാണ് വീട്! ശരി, സെന്റർ ആരംഭിക്കു എന്ന് ബാബ പറയും. ഇതിലൂടെ വളരെയധികം പേരുടെ മംഗളം ഉണ്ടാകും. ഒരു മുറി ജ്ഞാനം നൽകുവാനായി വെയ്ക്കൂ. സ്വത്ത് നിങ്ങളുടെ തന്നെയായിരിക്കും. സേവനത്തിനു വേണ്ടി മാത്രം ഇവർക്ക് നൽകൂ. വാടക വേണമെങ്കിൽ വാങ്ങിച്ചുകൊള്ളു. വീടിന്റെ ഉടമസ്ഥൻ വാടകയ്ക്ക് താമസിക്കുന്നവരെ ഒരിക്കലും ശല്യപ്പെടുത്തില്ല. ഇങ്ങനെ സെന്ററുകൾ തുറന്നുകൊണ്ടിരിക്കു. ആദ്യം സെന്റർ സംരക്ഷിക്കൂ പിന്നെ എന്തെങ്കിലും മിച്ചം വന്നാൽ ബാബയ്ക്കു മധുബനിലേക്ക് സേവയ്ക്കു വേണ്ടി അയച്ചുകൊടുക്കൂ. ഉണ്ടെങ്കിൽ കൊടുക്കാൻ സാധിക്കുമല്ലോ. സെന്ററിൽ സഹായിക്കുന്നതിലൂടെ നിങ്ങളുടെ ഭാഗ്യം ഉണ്ടാകും. മിച്ചമുണ്ടെങ്കിൽ അതിനെ സഫലമാക്കു. ഇല്ലെങ്കിൽ നശിച്ചുപോകും. മനുഷ്യർ ദാനം ചെയ്യുമ്പോൾ അടുത്ത ജന്മത്തിൽ അതിന്റെ ഫലം ലഭിക്കുന്നു. ഇവിടെയും നിങ്ങൾ സേവയ്ക്കുവേണ്ടി ചെയ്യുന്നതുകൊണ്ട് അതിന്റെ ഭാഗ്യം 21 ജന്മങ്ങളിലേക്ക് ലഭിക്കുന്നു. എന്നാൽ കുട്ടികൾ ഒരിക്കലും ആരിൽ നിന്നും കടം വാങ്ങരുത്. കടം അപകടം. കടം വാങ്ങിയവർക്ക് വളരെ ചിന്തയുണ്ടാകുന്നു. കടം വീട്ടാതിരിക്കുന്നത് അപമാനമാണ്. മനുഷ്യർ വളരെ കടം വാങ്ങുന്നു. വിവാഹത്തിനുവേണ്ടിയും തീർത്ഥാടനത്തിന് പോകാനും വളരെ ചിലവ് ചെയ്യുന്നു. ബാക്കി വയറിനു വേണ്ടി അഥവാ ആഹാരത്തിന് കൂടുതൽ കാശിന്റെ ആവശ്യമില്ല. ഒത്തിരി പാഴ് ചെലവുകൾ ചെയ്യുന്നു. വിവാഹം നഷ്ടമുണ്ടാക്കുന്നു. പാവപ്പെട്ടവർ കുറച്ചു പൈസകൊണ്ട് കാര്യങ്ങൾ നടത്തുന്നു. നിങ്ങളും ബാബയുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ടിരിക്കൂ. എന്തെങ്കിലും മോശമായ ശീലം, കൂടുതൽ ചായ കുടിക്കുക, സിഗരറ്റ് വലിക്കുക, ഈ ശീലങ്ങളൊന്നും ഉണ്ടാകാൻ പാടില്ല. ശ്രീമത്തനുസരിച്ചു നടക്കണം. മനുഷ്യർ പൈസ ശേഖരിക്കുന്നു. നിങ്ങളുടെ ഇത് നമ്പർവൺ ബാങ്കാണ്. ഇതിൽ 8 അണയിട്ടാൽ ഭാവിയിൽ വജ്രമായിതീരും. കല്ലിൽ നിന്ന് സ്വർണ്ണമായിതീരും. നിങ്ങളുടെ ഓരോ വസ്തുവും പവിഴമാകുന്നു. ശിവബാബയുടെ ഭണ്ഡാരം സദാ നിറഞ്ഞതാണ്. ഒത്തിരി കുട്ടികളുണ്ട്. ഭണ്ഡാരം എങ്ങനെ കുറയും, അസാധ്യമാണ്. വെറുതെ ആരിൽ നിന്നും വാങ്ങേണ്ട. കൊട്ടാരമൊന്നും പണിയേണ്ടതില്ല. ബാബ നൽകുന്നവനാണ്. പ്രയോജനത്തിൽ വരുമെങ്കിൽ സ്വീകരിക്കും ഇല്ലായെങ്കിൽ എന്തിന് വാങ്ങണം, പിന്നെ അത് കൊടുക്കേണ്ടി വരും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരു മോശമായ ശീലവും വെയ്ക്കരുത്. ശ്രീമത്തനുസരിച്ച് തന്റെ ഓരോരോ പൈസയും സഫലമാക്കി ഭാവിയിലേക്ക് ശേഖരിക്കണം.

2) ഈശ്വരീയ കുലത്തിലേതായതിനുശേഷം ഒരു ആസുരിയ കാര്യവും ചെയ്യരുത്. ഒരിക്കലും സത്ഗുരുവിനെ നിന്ദിക്കുന്നവരാകരുത്.

## വരദാനം:- "എന്റെ"തിനെ "നിന്റെ"തിലേക്ക് പരിവർത്തനം ചെയ്ത് സർവ്വ ആകർഷണ മുക്തരാകുന്ന ഡബിൾ ലൈറ്റായി ഭവിക്കട്ടെ.

ലൗകീക സംബന്ധങ്ങളിൽ സേവനം ചെയ്തുകൊണ്ടും സദാ ഈ സ്മൃതി ഉണ്ടായിരിക്കണം, ഇവർ എന്റേതല്ല, എല്ലാവരും ബാബയുടെ മക്കളാണ്. ബാബ ഇവരുടെ സേവാർത്ഥം നമ്മളെ നിമിത്തമാക്കിയതാണ്. വീട്ടിലല്ല ഇരിക്കുന്നത് മറിച്ച് സേവാസ്ഥാനത്താണ്. എന്റേതെല്ലാം നിന്റേതായി മാറി. ശരീരവും എന്റേതല്ല. എന്റെ എന്നതാകുമ്പോൾ തന്നെയാണ് ആകർഷണമുണ്ടാകുന്നത്. എപ്പോൾ എന്റേത് സമാപ്തമാകുന്നുവോ അപ്പോൾ മനസ്സിനെയും ബുദ്ധിയെയും ആർക്കും അവർക്ക് നേരെ ആകർഷിക്കാൻ സാധിക്കില്ല. ബ്രാഹ്മണ ജീവിതത്തിൽ എന്റേതിനെ നിന്റേതിലേക്ക് പരിവർത്തനം ചെയ്യുന്നവർക്ക് തന്നെയാണ് ഡബിൾ ലൈറ്റായിരിക്കാൻ സാധിക്കുന്നത്.

## സ്ലോഗൻ:- വിഘ്നപ്രൂഫാകുന്നതിന് വേണ്ടി ആശീർവ്വാദങ്ങളുടെ ഖജനാവ് സമാഹരിക്കൂ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : ഏതൊരു കാര്യത്തിന്റെയും വിസ്താരത്തിലേക്ക് പോകാതെ വിസ്താരത്തിന് ബിന്ദുവിട്ട് ബിന്ദുവിൽ ലയിക്കൂ, ബിന്ദുവാകൂ, ബിന്ദുവിടൂ, ബിന്ദുവിൽ ഉൾക്കൊള്ളൂ എങ്കിൽ എല്ലാ വിസ്താരങ്ങളും എല്ലാ വലകളും സെക്കന്റിൽ ഒതുങ്ങും, സമയവും ലാഭിക്കാം, പ്രയത്നത്തിൽ നിന്ന് മുക്തമാവുകയും ചെയ്യും. ബിന്ദുവായി ബിന്ദുവിൽ ലൗലീനമാകും. ഏത് കാര്യം ചെയ്തുകൊണ്ടും ബാബയുടെ ഓർമ്മയിൽ ലൗലീനമായിരിക്കൂ.